പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത<br>ചോദ്യം നമ്പർ 2732 | 21.6.2012ൽ<br>മറുപടിയ്ക്ക് |

**മാവേലി ഹോട്ടലുകൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ ; | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) | 'മാവേലിഹോട്ടലുകൾ' ആരംഭിക്കുന്നതിനുള്ള നിലവിലുള്ള മാനദണ്ഡം വ്യക്തമാക്കുമോ ; | എ) സംസ്ഥാനത്തെ ഹോട്ടലുകളിലെ ഭക്ഷണ സാധനങ്ങളുടെ വില നിലവാരം നിയന്ത്രിക്കുന്നതിനും പൊതു ജനങ്ങൾക്ക് വില ക്കുറവിൽ ഗുണനിലവാരമുള്ള ഭക്ഷണ സാധനങ്ങൾ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെയും പ്രവർത്തിച്ചു വരുന്നവയാണ് മാവേലി ഹോട്ടലുകൾ. ഈ ഹോട്ടലുകൾക്ക് ഭക്ഷ്യ വസ്തുക്കൾ സപ്ലൈകോ സബ്സിഡി നിരക്കിൽ നൽകുന്നതും ഈ ഹോട്ടലുകളിലെ വിലനിലവാരം അതാതു ജില്ലാ കളക്ടർ നിശ്ചയിക്കുന്നതുമാണ്. |
| ബി) | സ്വകാര്യ ഹോട്ടലുകളുടെ നിയന്ത്രണമില്ലാത്ത വില വർദ്ധനവിനെ ചെറുക്കുന്നതിന് സഹായകമാകുന്ന എത്ര മാവേലി ഹോട്ടലുകൾ കേരളത്തിൽ പ്രവർത്തിച്ചു വരുന്നു ; | ബി) കേരളത്തിൽ തിരുവനന്തപുരം, പത്തനംതിട്ട, പാലക്കാട്, ഇടുക്കി, കാസർഗോഡ് എന്നീജില്ലകളിൽ ഓരോന്നും എറണാകുളം ജില്ലയിൽ 2 മാവേലി ഹോട്ടലുകളും പ്രവർത്തിച്ചു വരുന്നു. |
| സി) | എല്ലാ താലൂക്കാസ്ഥാനത്തിലും ഒരു 'മാവേലിഹോട്ടൽ' എന്ന നിലയിൽ ആരംഭിച്ച് സ്വകാര്യ ഹോട്ടലുകളുടെ വില നിയന്ത്രണത്തിനുള്ള ശ്രമമുണ്ടാകുമോ ; | സി) എല്ലാ താലൂക്കുകളിലും ഓരോന്ന് വീതം മാവേലി ഹോട്ടലുകൾ തുടങ്ങുവാൻ നടപടി സ്വീകരിച്ചു വരുന്നു. സർക്കാർ നിശ്ചയിക്കുന്ന കുറഞ്ഞ വിലയ്ക്ക് ഭക്ഷണ പദാർത്ഥങ്ങൾ വിൽക്കുന്ന മാവേലി ഹോട്ടലുകൾ തുടങ്ങുവാൻ തയ്യാറുള്ള വ്യക്തികളോ സംഘടനകളോ മുന്നോട്ടുവന്നാൽ സർക്കാരിന്റെ ഭാഗത്ത് നിന്നും കുറഞ്ഞ വിലയിൽ സപ്ലൈകോ വഴി സാധനങ്ങൾ നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |
| ഡി) | മാവേലി ഹോട്ടലുകളിൽ ന്യായവിലയ്ക്ക് ആഹാരസാധനങ്ങൾ ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് നിലവിൽ സ്വീകരിച്ചിട്ടുള്ളത് എന്നതിന്റെ വിശദാംശം അറിയിക്കുമോ ? | ഡി) മാവേലി ഹോട്ടലുകളിലെ ഭക്ഷണ സാധനങ്ങളുടെ വില നിശ്ചയിക്കുന്നത് ജില്ലാ കളക്ടറാണ്. ടി ഹോട്ടലുകൾക്ക് ആവശ്യമായ പലചരക്ക് സാധനങ്ങൾ സപ്ലൈകോ സബ്സിഡി നിരക്കിൽ നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ